(3) ശ്രീമതി ഹരിത എസ്. കുറുപ്പ്

(4) ശ്രീ. എൻ. പി. സാന്റി

(5) ശ്രീ. ജി. ബി. രാജേഷ്

(6) ശ്രീ. എൽ. വിനോദ് കുമാർ

പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചവരുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

മികച്ച കായിക താരങ്ങളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കാൻ നടപടി

148 [2120] ശ്രീ. പി. എസ്. സുപാൽ:

,, എൻ. രാജൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച കായിക താരങ്ങളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങൾ നിലിവിലുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) സ്കൂൾ, കോളേജ്, സർവ്വകലാശാല തലത്തിലുള്ള കായിക പ്രതിഭകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നു വിശദമാക്കുമോ?

ഉത്തരം

(എ) മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിലേക്കായി മിനി ഗെയിംസ്, റൂറൽ സ്പോർട്സ് മീറ്റ്, വിമൻ സ്പോർട്സ് മീറ്റ്, കോളേജ് ഗെയിംസ് എന്നിവ സ്പോർട്സ് കൗൺസിൽ നടത്തി വിജയികൾക്ക് ക്യാഷ് അവാർഡും നൽകുന്നു. സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തി കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകിവരുന്നു. സ്കൂൾ, കോളേജ് ഹോസ്റ്റൽ, സ്പോർട്സ് അക്കാഡമി, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ എന്നിവയിൽ വിദ്യാർത്ഥികൾക്ക് സെലക്ഷൻ നൽകി വിദഗ്ദ്ധ പരിശീലകരെകൊണ്ട് പരിശീലനം നൽകിവരുന്നു. ദേശീയ അന്തർദേശീയ പുരസ്ക്കാരങ്ങൾ നേടിയ കായിക താരങ്ങൾക്ക് കൗൺസിലിൽ നിന്ന് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ 78 പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ 5-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സ്പോർട്സ് പരിശീലനവും ലഘുഭക്ഷണവും നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) എസ്. എസ്. എൽ. സി., പ്ലസ്ടു തുടങ്ങിയ കോഴ്സുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. കോളേജ്, സർവ്വകലാശാല തലത്തിലുള്ള വിജയികൾക്ക് ക്യാഷ് അവാർഡും, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള കോളേജുകളിൽ കായികതാരങ്ങൾക്കായി സീറ്റുകളും സംവരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല മൽസരങ്ങളിലെ ഗെയിംസിനത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 400, 300, 200 രൂപ നിരക്കിലും അത്‌ലറ്റിക്സിന് 600, 500, 400 രൂപ നിരക്കിൽ പ്രൈസ് മണിയും, ദേശീയ മൽസരത്തിലെ വിജയികൾക്ക് 5000, 4000, 3000 രൂപ നിരക്കിൽ ക്യാഷ് അവാർഡും നൽകുന്നു. സംസ്ഥാന സ്കൂൾ കായിക മൽസരത്തിൽ ദേശീയ, സംസ്ഥാന റിക്കാർഡുകൾ ഭേദിക്കുന്ന പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 2000 രൂപയും പ്രോൽസാഹനമായി നൽകുന്നുണ്ട്.

കായിക താരങ്ങൾക്ക് ജോലി

149 [2121] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് രംഗത്ത് പ്രതിഭ തെളിയിച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉത്തരം

ഉണ്ട്.

സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ

150 [2122] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിൽ കായിക പരിശീലകരുടെ നിയമനത്തിന് അപേക്ഷ നൽകിയിരുന്നവരുടെ ഇന്റർവ്യൂ ഇതേവരെ നടന്നിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ ഇന്റർവ്യൂ നടത്തി കായികതാരങ്ങളെ നിയമിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കേരള സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ പി. എസ്. സി. മുഖേന ആയിരിക്കണം എന്ന ഉത്തരവ് നിലവിലിരിക്കെ ഒഴിവുകൾ പി. എസ്. സി.-യെ അറിയിക്കാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2003 ഡിസംബർ 3-ാം തീയതി നിലവിൽ വന്ന കേരള സ്പോർട്സ് ആക്ട് 2000-ലെ 44-ാം വകുപ്പ് പ്രകാരം കേരള സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ പി. എസ്. സി. മുഖേന ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആക്ടിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾ രൂപീകൃതമായിട്ടില്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി പരിശീലകരെ നിയോഗിച്ചിരിക്കുന്നു. ഇത് തികച്ചും താൽക്കാലികമാണ്.

LIBRARY ARCHIVES Kerala Legislative Assembly